# മുണ്ടൂർ ഹയർസെക്കന്ററി സ്കൂൾ


മുണ്ടൂർ പി.ഒ

പാലക്കാട്

# E - KITES 2019

LITTLE KITE'S  E - MAGAZINE

LK2018/21077





വായനയുടെ പുതുലോകത്തു വിരൽ  തുമ്പിൽ അറിവിന്റെ
അനന്തസാധ്യതകൾ തിരയുമ്പോൾ ചിരിയും
ചിന്തകളും തൂവുന്ന     മഴവില്ലിന് ഒരു ഇലക്ട്രോണിക് പരിപ്രേഷ്യം
ഒരുക്കുകയാണ്  മുണ്ടൂർ  ഹയർ സെക്കന്ററി സ്കൂളിലെ  ലിറ്റിൽ
കൈറ്റ്സ് കൂട്ടായ്മ.

സ്നേഹപൂർവ്വം സമർപ്പിക്കുന്നു...


***E-KITES***

***2019***



# എഡിറ്റോറിയൽ ബോർഡ്

- ചീഫ് എഡിറ്റർ :ശ്രീമതി ജുബൈരിയ പി എം
- കൈറ്റ്സ് മിസ്ട്രസ്: സവിത കെ & അനുശ്രീ സി
- എസ് ഐ റ്റി സി :അനുപമ സി ജി
- എസ് ഐ റ്റി സി:ആഷ ടി യു
- ടീം ലിറ്റിൽ കൈറ്റ്സ്



**സ്ഥാപക മാനേജർ ശ്രീ .കെ.വി സുന്ദര വാരിയർ**




**മുൻ പ്രധാന അധ്യാപകർ**






**പ്രിൻസിപ്പാൾ ശ്രീ ജയരാമൻ കെ**

**പ്രധാന അദ്ധ്യാപിക**

**ശ്രീമതി ജുബൈരിയ പി .എം**






**ഡെപ്യൂട്ടി എച്ച്.എം**

**ശ്രീമതി ലത വി**

# സന്ദേശം

മുണ്ടൂർ സ്കൂളിലെ ആദ്യത്തെ ഇ-മാഗസിൻ തുടങ്ങുകയാണെന്നത് എല്ലാവർക്കും സന്തോഷകരമായ വാർത്തയാണ്.

പൂഴിയിലെഴുതിത്തുടങ്ങിയ പൂർവ്വികരിലൂടെ മഷിയും അച്ചടിയും കണ്ടുപിടിച്ചതിലൂടെ കാലാനുസൃതമായ മാറ്റങ്ങളിലൂടെ കടന്നു വന്ന മനുഷ്യചരിത്രം ഇന്ന് ഇലക്ട്രോണിക് യുഗത്തിലെത്തി നിൽക്കുകയാണ്. "വേഗം...അതിവേഗം" കുതിക്കുന്ന മനുഷ്യ വളർച്ചയുടെ പുതിയ പതിപ്പാണ് ഇ-മാഗസിൻ.


കൂടുതൽ വേഗതയോടും കൃത്യതയോടും സർവോപരി മനുഷ്യസഹസ്രങ്ങളിലേക്ക എത്തിച്ചേരാനും ഇ-മാഗസിന് കഴിയും. ഈ സംരംഭത്തിന് എല്ലാവിധ ആശംസകളും നേരുന്നു.

ആശംസകളോടെ
ജുബൈരിയ പി എം
പ്രധാന അദ്ധ്യാപിക



# <u>ഉള്ളടക്കം</u>


| SL. NO | TOPIC | PN | SL NO | TOPIC | PN |
|---|---|---|---|---|---|
| 1 | LITTLE KITES MEMBERS | 7 | 11 | MY LIFE | 19 |
| 2 | എന്റെ അങ്കണം | 8 | 12 | MY SCHOOL LIFE | 20 |
| 3 | വേർപാടിന്റെ വിരഹം | 9 | 13 | പോവരുതുണ്ണീ നീ പോവരുതേ | 21 |
| 4 | അമ്മ | 11 | 14 | കൂട്ടായ്മ | 22 |
| 5 | A P J ABDUL KALAM | 12 | 15 | സൗഹൃദം | 23 |
| 6 | GOODLUCK | 13 | 16 | സ്നേഹ സൗഹൃദം | 24 |
| 7 | WHAT IS SCHOOL | 14 | 17 | നല്ല സുഹൃത്ത് | 25 |
| 8 | ദുഷ്ടതയുടെ ഫലം | 15 | 18 | സുഹൃത്ബന്ധം | 27 |
| 9 | എന്റെ വിദ്യാലയം | 17 | 19 | കടലിന്റെ ഭംഗി | 28 |
| 10 | മലാല എന്ന സ്ത്രീ ശക്തി | 18 | 20 | സരിഗമ | 30 |
| | | | 21 | ആ പുഞ്ചിരി | 31 |

# LITTLE KITE'S MEMBERS

| | | | |
|---|---|---|---|
| 1 | AISWARYA M S | 18 | RINSIYA K |
| 2 | AISWARYA K S | 19 | VISMAYA V |
| 3 | APSARA S | 20 | PRITHVIRAJ S |
| 4 | ASWATHY A | 21 | NANDHA KUMAR R |
| 5 | ANSIF P.H | 22 | ADHILA A |
| 6 | ANSILA V | 23 | ANSHAJ S |
| 7 | NAVEEN M | 24 | SIVANI K.S |
| 8 | ISHAN MOIDHEEN C A | 25 | ARYA R |
| 9 | OBADIA JOSEPH | 26 | FEBA JOY |
| 10 | SURRAYYA FATHIMA | 27 | SUBAKSHA B |
| 11 | ROHINI S | 28 | SHAN N S |
| 12 | ABISHEK V S | 29 | AFTHAB A |
| 13 | NAVANEETH M | 30 | NIKKIN C B |
| 14 | SUHAIL N B | 31 | DEEPIKA A.K |
| 15 | SHAFLA SHERIN | 32 | SIVAPRIYA M |
| 16 | RAYAN T.M | 33 | SUBASREE S |
| 17 | RAYANA T.M | | |



# എന്റെ അങ്കണം

മുണ്ടൂർ എന്ന വിദ്യാലയം
അതിൽ ദീപം പോൽ തിളങ്ങും
വിദ്യാർത്ഥികൾ...
അറിവിനായി വന്നവർ അറിവുമായി പോകുമ്പോൾ
കെടാത്ത ദീപം പോൽ തിളങ്ങും
ഈ തിരുമുറ്റം...
പൈതങ്ങളിൽ മനസ്സിൽ അറിവ്
വിതയ്ക്കുന്നൊരധ്യാപകരും
ഒരുമയായ് വിടരുമ്പോൾ
ഓർമയിൽ വിടരുന്ന
ഒരായിരം ഓർമകൾ സമ്മാനിക്കുന്നൊരീ
ഈ തിരുമുറ്റം...
മുണ്ടൂർ എന്നൊരു വിദ്യാലയം
അതിൽ ദീപം പോൽ തിളങ്ങും
വിദ്യാർത്ഥികൾ...

സ്നേഹ . എം
8 .ഡി



# വേർപാടിന്റെ വിരഹം

രാത്രിയുടെ ഏതോ യാമത്തിൽ അയാൾ ഞെട്ടി എഴുന്നേറ്റു ഘടികാരത്തിൽ നോക്കി സമയം 2.46AM ഒരിക്കലെങ്കിലും മക്കളെയും അവളുടെ കുട്ടികളെയും ഒന്ന് കാണാൻ ആ മനുഷ്യൻ കൊതിച്ചു. ചെറുപ്പത്തിലേ അമ്മ നഷ്ടപെട്ട ഗൗരിക്ക് എല്ലാം അച്ഛൻ ദിവാകരനാണ്. അവൾ വളർന്നു വലുതായപ്പോൾ ഉന്നത പഠനത്തിനുവേണ്ടി അമേരിക്കയിലേക്ക് പോയി. അവിടെവച്ചായിരുന്നു അവളുടെ വിവാഹവും. എല്ലാം ഇന്നലെ കഴിഞ്ഞപോലെ തോന്നും. അയാൾ കിടക്കയിൽനിന്നു എഴുന്നേറ്റു കുളിക്കാനായി പോയി. കുളികഴിഞ്ഞു വന്നപ്പോഴേക്കും ദിവാകരന്റെ പെങ്ങൾ മീനാക്ഷിയമ്മയും മകൾ മിഥുനയും വന്നിട്ടുണ്ട്. ഗൗരി വരുന്നുണ്ടെന്നറിഞ്ഞു വന്നതാണവർ. സമയം ഒമ്പതായി. അയാൾ മകൾ വരുന്നതും കാത്തു കോലായിൽ ഇരുന്നു. പക്ഷെ അയാളെ അമ്പരിപ്പിച്ചുകൊണ്ടു ഒരു ആംബുലൻസ് വീടിന്റെ ഉമ്മറത്ത് വന്നു നിന്നു. തന്റെ പുന്നാര മോൾ ഗൗരി മരിച്ചതറിഞ്ഞു അയാളുടെ ഹൃദയം തകർന്നു. നാട്ടിലെത്തിയപ്പോഴായിരുന്നു സംഭവം. അച്ഛനൊരു ഷർട്ടും, മുണ്ടും എടുക്കണമെന്ന് പറഞ്ഞു പോയതാണ്. ഒരു ലോറിയിടിച്ചു... അത് പറഞ്ഞു മുഴുവനാക്കാൻ ഗൗരിയുടെ ഭർത്താവ് വിശ്വനാഥന് കഴിഞ്ഞില്ല. അവസാന കർമങ്ങൾ ചെയ്തതിനു ശേഷം ആ വീട് പഴയതുപോലെയായി. പക്ഷെ ആ അച്ഛന്റെ മനസ്സ് പഴയതൊന്നും മറക്കാൻ കൂട്ടാക്കിയില്ല. ഗൗരിയുടെ കുട്ടികളെ ഓർത്തു അവർ ഏറെ വിഷമിച്ചു. കുട്ടികളെ നാട്ടിൽതന്നെ വളർത്താമെന്നു മീനാക്ഷിയമ്മ പറഞ്ഞപ്പോൾ ആർക്കും എതിരഭിപ്രായം ഉണ്ടായിരുന്നില്ല. പക്ഷെ വിശ്വനാഥന് അവിടെ നില്ക്കാൻ ഒട്ടും താല്പര്യമില്ല. അയാൾക്ക്

അമേരിക്കയിലേക്കു എത്രെയും പെട്ടന്ന് തന്നെ മടങ്ങിച്ചെല്ലണം . അയാളുടെ ആഗ്രഹം ഗൗരിയുടെ അച്ഛനും മീനാക്ഷിയമ്മയും അവരുടെ കൂടെ അമേരിക്കയിലേക്കു വരണമെന്നതാണ്. ഇത് കേട്ടതും മീനാക്ഷിയമ്മ ചോദിച്ചു. ഗൗരിമോളില്ലാത്ത വീട്ടിലേക്കു ഞങ്ങളെങ്ങനെയാണ് വരുക. അപ്പോൾ വിശ്വനാഥൻ പറഞ്ഞു ഞങ്ങളും അങ്ങനെയല്ലേ താമസിക്കുന്നത്? സ്വന്തം മോളല്ലയെങ്കിലും ഗൗരിയും എനിക്ക് മോളുതന്നെയാണ്. അവളുടെ കളിയും ചിരിയും നിറഞ്ഞുനിൽക്കുന്ന വീട്ടിലേക്കു വരാൻ ഞങ്ങൾക്ക് ബുദ്ധിമുട്ടുണ്ട്. ഇതുപറഞ്ഞു മീനാക്ഷിയമ്മ കരയാൻ തുടങ്ങി. പക്ഷെ വിശ്വനാഥൻ മകളെയും കൂട്ടി പോവാനിറങ്ങി. മൂത്ത മകൾ ശ്വേത ഓടിവന്നു മുത്തശ്ശൻ ദിവാകരന്റെ അടുത്ത് പറഞ്ഞു "എന്നും ഞാൻ മുത്തശ്ശനെ ഓർക്കും”. "ഞങ്ങൾ തിരിച്ചുവരും" ഗൗരി പറഞ്ഞ അതേ വാക്കുകൾ. ആ അച്ഛൻ തന്റെ മകളെ ആ കുഞ്ഞിലൂടെ കണ്ടു. അവർ നടന്നകന്നു പോകുമ്പോൾ വേർപാടിന്റെ വിരഹം അയാളെ തേടിയെത്തി.

ദൃശ്യ . ആർ
8 .എഫ്



# അമ്മ

എന്റെ മനസ്സിൽ നിൽക്കും  നിൻ
വന്ദനം മായാത്ത ജീവിതം
എൻ ഹൃദയത്തിൽ നില്ക്കും നിൻ
സ്നേഹം മായാത്ത ജീവിതം.
വളർത്തി, വഴികാട്ടിയായി എൻ അമ്മ. ..
തെറ്റ് തിരുത്താൻ പ്രേരിപ്പിക്കുമെന്നമ്മ...
കഴിഞ്ഞകാലങ്ങളിൽ ഞാൻ നിൻ ഹൃദയം
വേദനിപ്പിച്ചിട്ടുണ്ടോ?
ഉണ്ടെങ്കിൽ ക്ഷമ തരികെനിക്കു നിൻ കോപമേകാതെ...
എന്നെ സ്നേഹിച്ചു താലോലിച്ച്
വളർത്തിയ എന്നമ്മേ...
വെറും അമ്മയല്ല ...പെറ്റമ്മ ...പൊന്നമ്മ...

**റുക്സാന**
**9 ജി**



# A.P.J ABDUL KALAM

Aval Pakir Jainalabdeen Abdul Kalam was born on 15th October 1931. Usually referred to as Dr.A.P.J Abdul Kalam is an eminatnt Indian scientist and administrator,who served as the 11th president of India from 2002-2007. Before his term as president, he worked as an aerospace engineer with [Defence Research and devolpement to organisation] DRDO and Indian Space Research Organisation[ISRO]. Kalam is popularly known as Missile Man of India for his work on the devolopment of ballistic missile and launch vehicle technology. Kalam advocated plans to devolop India into devoloped nation by 2020 in his book " India2020".

He has recieved several prestigious award, including Bharat Ratna India's highest civilian honour. Kalam is known for his motivation speeches and interactionwith the student community in India. He launched his missions for the youth of the nation in 2011 called the WHAT CAN I GIVE MOMENT with a central theme to avoid corruption. Kalam died on 27th july 2015.

ANAGHA
9 G



# GOOD LUCK

I wish you good luck
for your exam tomorrow
your full of confidence
for students who study hard.
Failure is very few
you don't need to chase success
success will come after you.
Study hard prepare well
do the best that you can.
These exams are important
to make your future bright
I'am sure you will do it.

FATHIMA
9.G



# WHAT IS SCHOOL

S- for a lot of fun 'SUBJECT'
C- for your young 'CHILDREN'
H- for your being 'HONEST' to all
O- for 'OBEYING' teachers rules
O- for 'OBEYING' school rules
L- for 'LIKING' your teachers a lot

ASWATHY A
9.G



# ദുഷ്ടതയുടെഫലം

ഒരിടത്തു ഒരു കുറ്റികാട്ടിൽ രണ്ടു സുഹൃത്തുക്കൾ താമസിച്ചിരുന്നു. കോലൻ പാമ്പും ഉണ്ടക്കണ്ണി തവളയും. കോലൻ മഹാ കൗശലനായിരുന്നു. ഉണ്ടക്കണ്ണിയാകട്ടെ പാവം കോലനയുമായുള്ള ചങ്ങാത്തം നല്ലതിനല്ലെന്നു എല്ലാവരും ഉണ്ടക്കണ്ണിയെ ഉപദേശിച്ചു. പക്ഷെ അവൾ അതൊന്നും ചെവികൊണ്ടില്ല. മാത്രമല്ല കോലനെ കണ്ണടച്ച് വിശ്വസിക്കുകയും ചെയ്തു. അങ്ങനെയിരിക്കെ ഉണ്ടക്കണ്ണിക്കു മൂന്നു കുഞ്ഞുങ്ങളുണ്ടായി. കോലൻ ഉണ്ടക്കണ്ണിയുടെ കുഞ്ഞുങ്ങളെ കളിപ്പിച്ചു. അവർക്കു ധാരാളം സമ്മാനങ്ങൾ നല്കി. ഇത്രയും നല്ല സുഹൃത്തിനെ കുറിച്ചാണല്ലോ മറ്റുള്ളവർ അപരാധം പറയുന്നത്, ഉണ്ടക്കണ്ണി ഓർത്തു. ഒരു ദിവസം അവൾ ഇരതേടിപ്പോയി. ആ തക്കം നോക്കി കോലൻ ഉണ്ടക്കണ്ണിയുടെ വീട്ടിലെത്തി കുഞ്ഞുങ്ങളെ കൊന്നു. ആഹാരവുമായെത്തിയ ഉണ്ടക്കണ്ണി കുഞ്ഞുങ്ങളെ കാണാതെ അലമുറയിട്ടു. കോലൻ പറഞ്ഞു ഉണ്ടക്കണ്ണി, നമ്മുടെ ശത്രുവായ ചെമ്പൻ പരുന്താണ് നിന്റെ കുഞ്ഞുങ്ങളെക്കൊണ്ടുപോയത്. ഉണ്ടക്കണ്ണിക്കു പിന്നെയും കുഞ്ഞുങ്ങളുണ്ടായി. പക്ഷെ എന്ത് ചെയ്യും. ഒറ്റവഴിയേയുള്ളു ചെമ്പൻപരുന്തിനോട് പോയി കുഞ്ഞുങ്ങളെ തട്ടിക്കൊണ്ടു പോവരുത് എന്ന് അപേക്ഷിക്കാം. ഇത് ഞാനല്ല ചെയ്തത് നിന്റെ കൂട്ടുകാരനായ കോലനായിരിക്കും തിന്നത്. ഉണ്ടക്കണ്ണി അത്ഭുതപ്പെട്ടു .ചെമ്പൻ പരുന്തു കോലനെക്കുറിച്ചു എല്ലാ വിവരവും പറഞ്ഞു. അവനെ ഒരു പാഠം പഠിപ്പിക്കണം, ഞാൻ പറഞ്ഞതുപോലെ ചെയ്യുക. ചെമ്പൻ പറഞ്ഞതുപോലെ ഉണ്ടക്കണ്ണി സമീപിച്ചു. കോലൻ ചേട്ടാ, ഞാൻ ഇരതേടാൻ പോയ കാടിനടുത്തു ഒരു മരപ്പൊത്തിൽ കുറെ



മുട്ടകളിരിക്കുന്നതു കണ്ടു. ചേട്ടന് മുട്ടവളരെ ഇഷ്ടമല്ലേ, എന്റെ കൂടെ വരൂ സ്ഥലം കാണിച്ചുതരാം. ഒരു വലിയ മരത്തിനുചുവട്ടിലെത്തിയപ്പോൾ ഉണ്ടക്കണ്ണി പൊത്തുകൾ ചൂണ്ടികാണിച്ചു. മുട്ട അകത്താക്കാനായി ഉളിലേക്കു കയറി . കഷ്ടമെന്നുപറയട്ടെ അതിലൊരു കീരിയുണ്ടായിരുന്നു അതിനുള്ളിൽ ഒളിച്ചിരിക്കുകയായിരുന്ന ഒരു വമ്പൻ കീരി, കോലന്റെ കഥകഴിഞ്ഞു. ചെമ്പൻ പരുന്തിന്റെ നിർദ്ദേശമനുസരിച്ച അവന്റെ സുഹൃത്തായ വമ്പൻ കീരി അതിനുള്ളിൽ ഒളിച്ചിരുന്ന വിവരം കോലനറിയില്ലല്ലോ, പിന്നീട് ഉണ്ടക്കണ്ണിയും കുഞ്ഞുങ്ങളും ആരുടെയും ശല്യം ഇല്ലാതെ സുഖമായി ജീവിച്ചു.

അജിത.എ

8.എഫ്



# എന്റെ വിദ്യാലയം

നന്മ നിറയുമെൻ വിദ്യാലയം
എൻ സ്നേഹ സമ്മാനമെൻ വിദ്യാലയം
സൗഹൃദമെന്തെന്ന് ഞാനറിഞ്ഞു
സ്നേഹമെന്തെന്നു ഞാൻ പഠിച്ചു

കളിച്ചും ചിരിച്ചും ഒത്തിരി രസിച്ചു
ഈ വിദ്യാലയത്തിൽ ഞാൻ
നല്ല, നല്ല ഓർമ്മകൾ സമ്മാനിച്ച
എൻ വിദ്യാലയം ഇന്ന് ഞാനീ
പുണ്യാലയത്തെ പിരിയുമ്പോഴും
എനിക്ക് ഒരുപാട് സമ്മാനങ്ങൾ
സമ്മാനിച്ചുകൊള്ളുന്ന എന്റെ വിദ്യാലയം
ഇന്ന് ഞാൻ ഇവിടം വിടുമ്പോൾ
ചൊരിയുമെന്നും നിൻ
അനുഗ്രഹം എന്നിൽ.

ആര്യ എസ്
8 എഫ്



# മലാല എന്ന സ്ത്രീ  ശക്തി

അടിമത്വത്തിന്റെ ആഴത്തിൽ നിന്നും കരകേറാൻ
അവൾ കൊതിച്ചു .....
മനസ്സിന്റെ ഇരുട്ടിൽ നിന്നും ഒരുനാള്
വെളിച്ചം കിട്ടാനായ്.....
അവളുടെ മനസ്സിൽ കുറിച്ചിട്ട ഒരായിരം വാക്ക്
സമൂഹത്തോട്  വിളിച്ചുപറയാനായ്.....
സ്ത്രീത്വത്തിന്റെ ശക്തി ലോകത്തിനുമുന്നിൽ
തെളിയിച്ചുകൊടുക്കാനായ് ..... വിദ്യാഭ്യാസത്തിനായ്.....
ധൈര്യത്തെ ഹൃദയത്തോട് ചേർത്ത്
അവൾ ഭയത്തെ വെറുത്തു,
മനുഷ്യമനസ്സുകളിൽ ധൈര്യം വിതച്ചു
അവൾക്കു ചുറ്റുമുള്ള സമൂഹം
വിളിച്ചു പറഞ്ഞു
<u>അവളാണ് സ്ത്രീ..... അവളാണ് സ്ത്രീ</u>

ദൃശ്യ ആർ
8 എഫ്



# <u>My Life</u>

You are the beauty ,
of my heart
You are the roses
for me
You cheer up my face
You gave me power to live
You are the part of my life ,
from birth to death
But, when I die ,
where will you be?

SREENANDANA .M.J
8 H



# MY SCHOOL LIFE

M-MIND BLOWING MOMENTS!!
Y-YOUTHFUL PUPILS

S-STUDIOUS STUDENTS
C-COURAGE TO UNDERSTAND WISELY PROJECTS
H-HEVENLY FEELING INSIDE THE SCHOOL
O-OUTSTANDING RESULTS
O-OBEDIENTS TO TEACHERS
L-LIVELINESS IN ACTIVITIES

L-LOVE FOR PERFECTION
I-ILLUMINATING PERSONALITIES
F-FRIENDSHIP LONG LASTING
E-ENJOYMENT TO THE LOVE

Roufa Begam.A
9-G



# പോവരുതുണ്ണീ    നീ പോവരുതേ

പോവരുതുണ്ണീ  നീ പോവരുതേ...

ചേറ്റിൽ കളിക്കുവാൻ പോവരുതേ...

പൂഴിയാകും മേലൊക്കെയും.

ചേറ്റിൽ കളിക്കുവാൻ പോവരുതേ ...

മുത്തേ, തൈമാവിൻ കൊമ്പിലൊന്നാടുവാൻ

പോവരുതുണ്ണീ നീ പോവരുതേ ...

വീണാൽ വേദനയെടുക്കുമുണ്ണീ നീ പോവരുത്

ഉണ്ണി നീ പോവരുതേ ..

ആമ്പൽക്കുളത്തിന്റെ ചന്തമൊന്നറിയുവാൻ

പോവരുതുണ്ണീ നീ പോവരുതേ ...

മുതലായുണ്ടാ കുളത്തിൽ ഉണ്ണി ...

പോവരുതേ നീ പോവരുതേ ...

കണ്ണ് തുറന്നമ്മയെണീറ്റുനോക്കുമ്പോൾ

ഉണ്ണി ഇവിടെയെങ്ങുമില്ല...

ചുവരിലെ ഉണ്ണീടെ ചിത്രത്തിനരികിലമ്മ

തേങ്ങലോടങ്ങനെ വന്നുനിൽപ്പൂ

ഉണ്ണിയിന്നൊരു സ്വപ്നമായി ...

അമ്മയ്ക്ക് തീരാത്ത ദുഃഖമായി .....

ദൃശ്യാ .ആർ

8 :എഫ്



# <u>കൂട്ടായ്മ</u>

അന്നും ഇന്നു എന്നും ഒന്നായ് ഒരുമിച്ച് കളിച്ചും പഠിച്ചും ഒരു കുടക്കീഴിൽ നാം ഒന്നായി മാനത്തെ നക്ഷത്രങ്ങളെ പോലെ, വിരിഞ്ഞു നിൽക്കുന്ന പൂക്കൾ പോലെ, കളകളമൊഴുകി വരുന്ന പുണ്യ ജലം പോലെ, നമ്മൾ ഇത്രയും നാളും ഒരു മനസ്സായി. ഇപ്പോൾ ഇന്ന് എന്റെ മനസ്സ് വിങ്ങുന്നു. എന്തിനെന്നാൽ ഇനി വെറും കുറച്ചു ദിവസങ്ങൾ മാത്രം. ഒരു ചെടിയിലെ പൂവിൽ നിന്ന് ഇതളുകൾ കൊഴിഞ്ഞു മണ്ണിലേക്ക് വീഴുന്നത് പോലെ നാം പിരിഞ്ഞു പോകുന്നു. ഇനി എന്ന് കാണും നമ്മൾ. ഇനി എന്നെ ഓർക്കുമോ?. ഇനി പിരിയും വേദനയായി എൻ മനം വിങ്ങുന്നു. അനശ്വരമാം സൗഹൃദം പിരിയുകില്ലൊരിക്കലും എന്റെ പ്രിയ കൂട്ടുകാർക്ക് വേണ്ടി .

വിസ്മയ
9 എ



# സൗഹൃദം

സൗഹൃദം ഇത് നമ്മുടെ സൗഹൃദം
സ്നേഹമെന്ന സൗഹൃദം
ഗാനമായ്, കവിതയായ് നമ്മിൽ നിറയുന്നു
നമ്മുടെ മാത്രം സൗഹൃദം
ഈണമായ് താളമായ്
അത് നമ്മിൽ നിറയുന്നു.
ലാളനയായ് കരുതലായ് നമ്മൾ അറിയുന്നു.
ഈ സൗഹൃദം
നമ്മുടെ സൗഹൃദം
കൊഴിയാതിരിക്കട്ടെ, ഒരു നാളുമി
മഹത് സൗഹൃദം
ഇതളുകൾ എന്റെ സൗഹൃദം
എന്നും എങ്ങനെ ഇങ്ങനെ നിലനിർത്തും.

ആര്യ
8 .എഫ്



# സ്നേഹ സൗഹൃദം

മാനത്തു വിരിയും മഴവിൽ നിറങ്ങൾ പോൽ
എന്നും മായാതെ നിൽക്കും നിറമാണ് സൗഹൃദം
വിരിയുന്ന പൂവിൽ സൗഹൃദം മധുവായ് നിറയുന്നു
പാടുന്ന കിളികളിൽ സൗഹൃദം ഗാനമായി ഉണരുന്നു
സൗഹൃദമെന്നതൊരു ആഴക്കടലാണ്
ആഴക്കടൽ ആകാശത്തു ചേർന്നു നിൽക്കുന്ന
നക്ഷത്രങ്ങളെ പോലെ കരയോടടുക്കും തിരയെ-
പ്പോലെ ഒരു മനുഷ്യന്റെ ജീവിതത്തിൽ നല്ല
സുഹൃത്തുക്കൾ നിറയുമ്പോൾ അവരുടെ ജീവിതം
സന്തോഷപൂർണമാകുന്നത് പകൽ മറന്നാലും
ഇരുൾ അകന്നാലും സൗഹൃദമെന്ന
സ്നേഹക്കടലിനു അവസാനമില്ല ...

ആര്യ.എസ്
8 .എഫ്



# നല്ല സുഹൃത്ത്

സുഹൃത്ത് എന്നാൽ വെള്ളമോ ധാന്യമോ കാണുമ്പോൾ പറന്നുവന്നു ഭക്ഷിച്ചു പോകുന്ന പക്ഷികളെപോലെ ആകരുത്. മറിച്ചു ജലവും മത്സ്യവും പോലെ ഇപ്പോഴും സുഖത്തിലും ദുഖത്തിലും ഒരുമിച്ചുണ്ടായിരിക്കണം. നമ്മുടെ ഉള്ളിലെ എല്ലാ വേദനകളും മറക്കാൻ ഒരു നല്ല സുഹൃത്ത് മതി .

അതിനുദാഹരണം പറയാം നമ്മളെല്ലാവരും പേനകൊണ്ടെഴുതുന്നവരാണ്. പേനകൊണ്ട് എഴുതുമ്പോൾ പലതെറ്റുകളും വരാം തെറ്റ് വന്നു കഴിഞ്ഞാൽ പിന്നീടതിനെ മായ്ക്കാൻ കഴിയില്ല. പെൻസിൽ കൊണ്ട് എഴുതിയാലും തെറ്റുകൾ വരും പക്ഷെ അതെ മായ്ച്ചുകളയാൻ പെൻസിലിന്റെ ഉറ്റസുഹൃത്തായ റബ്ബർ ഉണ്ട്. ആ റബ്ബർ പെൻസിലിന്റെ എല്ലാ തെറ്റുകളും മായ്ച്ചുകളയും നമ്മുടെ സുഹൃത്ത് നമ്മുടെ ജീവിതത്തിലെ എല്ലാ തെറ്റുകളും തിരുത്തിതരാൻ കഴിയും പക്ഷേ പേനയെപ്പോലെ ഏകനായാണ് ജീവിക്കുന്നതെങ്കിൽ പല തെറ്റുകളും ഉണ്ടാകും. അതെ തുടക്കത്തിലേ തിരുത്താൻ ആരുമില്ലായിരുന്നെങ്കിൽ ആ ചെറിയ തെറ്റ് വലിയ

നഷ്ടങ്ങളൊക്കെ കൊണ്ടുവരും. എല്ലാവരേക്കാളും നമ്മുടെ സന്തോഷമോ സങ്കടമോ ഏതു അവസ്ഥയിലായാലും പങ്കിടാൻ പറ്റിയ ഒരാളാണ് സുഹൃത്ത്. ആപത്തിൽ സഹായിക്കാനും ദുഃഖത്തിൽ ആശ്വാസമേകാനും ഏകാന്തത ഇല്ലെന്നു തോന്നിക്കാനും കഴിഞ്ഞാൽ മാത്രമേ ഒരു നല്ല സുഹൃത്താവാൻ കഴിയൂ ............

പ്രയ്സി ജോയ്
8 കെ



# സുഹൃത്ബന്ധം

സൗഹൃദം ഇതു നമ്മുടെ സൗഹൃദം
സ്നേഹമെന്ന സൗഹൃദം
ഗാനമായ്, കവിതയായ് നമ്മിൽ നിറയുന്ന
നമ്മുടെ മാത്രം സൗഹൃദം
ഈണമായ് താളമായ്
അത് നമ്മിൽ നിറയുന്നു
ലാളനയായ് കരുതലായ് നമ്മളറിയുന്നു
ഈ സൗഹൃദം
നമ്മുടെ സൗഹൃദം
കൊഴിയാതിരിക്കട്ടെ ഒരുനാളുമീ
മഹത് സൗഹൃദത്തിന്റെ ഇതളുകൾ
എന്റെ സൗഹൃദം എന്നുമിങ്ങനെ നിലനിൽക്കും.

ആര്യ എസ്
8 എഫ്



# കടലിൻെറ ഭംഗി

കടലിനെ വർണ്ണിക്കാത്ത കവികളും കഥാകാരന്മാരും കുറവാണ്. ചിത്രകാരന്മാർക്കും കടലിനെ ചിത്രീകരണം ഇഷ്ടമാണ്. നമ്മുടെ സംസ്ഥാനത്തിൻെറ പടിഞ്ഞാറെ തീരം മുഴുവനും കടലോരമാണ് . അതുകൊണ്ട് കടൽ കാണാത്തവരും കുറവാണ് . കടൽ കാണാൻ വളരെ രസമാണ് . തിരകൾ ഒന്നിനുപിന്നാലെ ഒന്നായി വരുന്നതും അത് അരികത്ത് വന്ന് ചിന്നിചിതറുന്നതും എത്രനേരം കണ്ടുനിന്നാലും മതിവരില്ല . നോക്കെത്താദൂരത്ത് ആകാശം സമുദ്രവുമായി കൂട്ടിമുട്ടി മതിൽ പോലെ കാണുന്നതും അത്ഭുതകരമായ കാഴ്ച്ചകളാണ് . എത്ര ആകർഷകമായാലും അടുത്ത് ചെല്ലാൻ ധൈര്യം വരില്ല. കഷ്ടിച്ച് കാലുനനയാൻ നിൽക്കുന്നതിലപ്പുറം അധികമാർക്കും പോവാൻ തോന്നില്ല . ഇത്തരം ഭംഗിയെയാണ് ഭയങ്കരം എന്ന് വിശേഷിപ്പിക്കുന്നത്. പേടിപ്പെടുത്തുന്നതാണെങ്കിലും കാണാൻ ഭംഗിയുള്ളതെന്നർത്ഥം.

ഒരുകാലത്ത് നമ്മുടെ സമുദ്രതീരം കച്ചവട കേന്ദ്രമായിരുന്നു. കപ്പലുകൾ വന്നു നില്ക്കാൻ പാകത്തിൽ തുറമുഖങ്ങളും ഉണ്ടായിരുന്നു. ഇപ്പോൾ കപ്പലുകളുടെ എണ്ണം കുറഞ്ഞു . കാരണം ആകാശ സഞ്ചാരം. ആദ്യം കപ്പലിൽ മാസങ്ങൾ, ദിവസങ്ങൾ, വർഷങ്ങൾകൊണ്ട് എത്തി ചേരുന്നു. ഇപ്പോൾ മണിക്കൂറുകൾക്കുള്ളിൽ എത്തിച്ചേരാം. എന്തൊക്കെയായാലും കടലിന്റെ സൗന്ദര്യം ആസ്വദിക്കാൻ ഒരിക്കലും ആൾകുറയുകയില്ല.



കവികൾക്കും കഥാകാരന്മാർക്കും ഇപ്പോൾ സിനിമ, സീരിയൽ നിർമ്മിക്കുന്നവർക്കും മനുഷ്യമനസ്സിന്റെ  ക്ഷോഭം ചിത്രീകരിക്കാൻ കടലിലെ തിരമാലകൾ കൂടിയേതീരൂ. അപ്പോഴും സാധാരണക്കാർ കടലിന്റെ ഭംഗി ആസ്വദിക്കുകയായിരിക്കും...

റൗഫ ബീഗം-എ
9 .ജി



# സരിഗമ

സ ....സ ....സരിഗമ പാടടേടി കുയിലേ

രി ....രി ......പധനിസ പാടടേടി കുയിലേ

തക ....തക ....തകധിമി ആടു മയിലേ

ച്ചില്ല...ച്ചില്ല നർത്തനം  ആടെടി മയിലേ

[സ..സ]

നെഞ്ചിന്റെ ഉള്ളിലൊരു സ്വരലയതാളം
ആടുന്ന പാടുന്ന നിന്നെ കാണുമ്പോൾ

[സ..സ]

നെഞ്ചിന്റെ വീണക്കമ്പികൾ മീട്ടുന്ന കണ്ണേ
ശിങ്കാരിമേള മുള്ളിൽ താള മിടുന്ന
എന്നുള്ളിൽ ഒരു വീണ മീട്ടുന്ന

ഒരു സംഗീതമായി.

[സ...സ ]

രാഹുൽ

8 .കെ



# ആ പുഞ്ചിരി

ആരുടേതാ മുഖമറിയില്ല
ആരാണെന്നുമറിയില്ല
ആ മന്ദഹാസം മറക്കില്ല
ആ മുഖമേതെന്നറിയില്ല
ആരുടേതാകുമെന്നോർത്തിട്ടും
ആരും മുന്നിൽ തെളിഞ്ഞില്ല
ആ നയനത്തിലെ കാന്തിയും
ആകെയടുപ്പിച്ചതീപുഞ്ചിരിയോ?
ആ പുഞ്ചിരിതന്നെ
ആഹ്ലാദചിത്തയാക്കുന്നു
ആരാമത്തിലെ പൂവാണോ
ആതിര നിലാവിൻ രാവാണോ
ആരോമലിൽ പുഞ്ചിരിയല്ലോ!
ആരുടെയാ ചിരിയറിയില്ലെങ്കിലും
അറിവെന്നിൽ വളരുന്നു
ആയിരം ഇതളായ് വിടരുന്നു
ആത്മാവിലെന്തൊരു സൗഭാഗ്യം



തസ്‌ലീമ ഒ . എ
9.ജി



ലിറ്റിൽ കൈറ്റ്സ് കുട്ടികൂട്ടത്തിന്റെ പരിശ്രമങ്ങൾ ഇവിടെ അവസാനിക്കുന്നില്ല.

*E-KITES 2019* ചാരുത നൽകിയ എല്ലാ കൂട്ടുകാർക്കും നന്ദിയോടെ....

മാഗസിൻ സമിതി

ലിറ്റിൽ കൈറ്റ്സ്

എച്ച് എസ് എസ് മുണ്ടൂർ

